## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3681** **15.03.2018 -ൽ മറുപടിയ്ക്ക്**

**ശംഖുമുഖം സൗന്ദര്യവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം സൗന്ദര്യവൽക്കരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | എ) | ശംഖുമുഖം ബീച്ചിന്റെ സൗന്ദര്യവൽക്കരണ നടപടി അന്തിമ ഘട്ടത്തിലാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തി വരുന്നത്. |
| (ബി) | വിനോദസഞ്ചാരികൾ ഏറെ എത്തിച്ചേരുന്ന ശംഖുമുഖത്തിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ചക്രകുളം,മണ്ഡപം എന്നിവയുടെ പുനരുദ്ധാരണം,നിലവിലെ തട്ടുകടകളുടെ നവീകരണം എന്നിവ ഹാബിറ്റാറ്റ് മുഖേന നടന്നു വരുന്നു.ഇതിനുപുറമേ മറ്റ് സൗന്ദര്യവൽക്കരണ പദ്ധതികളും ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ശംഖുമുഖം വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇവിടുത്തെ വികസന പദ്ധതികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ശംഖുമുഖത്തിന്റെ പ്രാധാന്യമനുസരിച്ചുള്ള വികസന പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത്. അവ വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ